SERVICE BUSES—DEARTH OF

422. Mr. Paramel Ipe Ipe *(Kunnamkulam)*: Will Government be pleased to state.—

(*a*) is the Government aware that the number of service buses running at present is not sufficient to cater to the needs of the travelling public;

(*b*) if so, what action has the Government taken to ease the present situation of want of travelling accommodation in the service buses?

Rao Bahadur T. K. Nayar *(Minister for Public Health)*:

(*a*) Yes.

(*b*) Additional number of buses have been put in certain lines, the number of trips of certain buses in certain lines have been increased and additional number of passengers have been allowed to be carried in certain buses.

Mr. Paramel Ipe Ipe (*Kunnamkulam*): Have the Government any objection to issue permits to new applicants to open new lines?

Rao Bahadur T. K. Nayar (*Minister for Public Health*): Additional number of buses have been put in certain lines.

മിസ്റ്റർ പി. മാണി: കൂടുതൽ ബസ്സു് സർവ്വീസു് അനുവദിക്കുന്നതിനു് പെട്രോളിന്റെ ക്ഷാമം തടസ്ഥമായി നിൽക്കുന്നുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: തടസ്ഥമല്ല.

മിസ്റ്റർ പി. മാണി: എപ്പോഴെങ്കിലും പെട്രോളിന്റെ ക്ഷാമംകൊണ്ടു് ഏതാനും ബസ്സു് സർവ്വീസുകൾ നിറുത്തിവച്ചിട്ടുള്ളതായി അറിയാമോ?

റാവുബഹദൂർ ടി. കെ. നായർ: നിറുത്തിവച്ചിട്ടുണ്ടായിരിക്കാം.

മിസ്റ്റർ പി. മാണി: അതു് പെട്രോളിന്റെ കുറവു കൊണ്ടാണോ?

റാവുബഹദൂർ ടി. കെ. നായർ: ആയിരിക്കണം.

മിസ്റ്റർ പി. മാണി: ഇപ്പോൾ പെട്രോളിനു ക്ഷാമമില്ലല്ലോ. അതുകൊണ്ടു് സർവ്വീസു കൂടുതൽ അനുവദിച്ചുകൂടേ?

റാവുബഹദൂർ ടി. കെ. നായർ: കൂടുതൽ കിട്ടിയിട്ടുള്ളതു് കുറവു പരിഹരിക്കുവാൻ മാത്രമേ ഉള്ളു.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: പെട്രോൾ ക്ഷാമംകൊണ്ടു് കൂടുതൽ ബസ്സു് സർവ്വീസു് അനുവദിക്കുകയില്ലെന്നു് ആക്കെങ്കിലും എപ്പോഴെങ്കിലും ഓർഡർ കൊടുത്തിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: പലേ ലോറികൾക്കും കൂടുതൽ പെട്രോൾ കൊടുത്തിട്ടുള്ളതുകൊണ്ടായിരിക്കാം ബസ്സിനുള്ള പെട്രോൾ കുറയുവാനുള്ളകാരണം.

മിസ്സിസ് കെ. എം. ആർ. മേനോൻ: കരിയിട്ടു് ഓടിക്കുന്ന ബസ്സുകൾ പബ്ലിക്ക് റോഡുകളുടെ നടുവിൽ കാപ്പിപൊടി പൊടിക്കുന്നതുപോലെ തിരിച്ചു് ഒച്ചയുണ്ടാക്കുകയും തീക്കനലെല്ലാം റോഡിൽതന്നെ ഇട്ടു പോകുകയും ചെയ്യാറുണ്ടു്. ആ ഏർപ്പാടു നിറുത്താമോ?

റാവുബഹദൂർ ടി. കെ. നായർ: അതു് ബസ്സുകാരുടെ മനപൂർവ്വമല്ല. പെട്രോൾകൊണ്ടു് ഓടിക്കുന്നതല്ലാത്തതുകൊണ്ടു് അങ്ങിനെ ചെയ്യാതെ ഒരു തരവുമില്ല. ചിലപ്പോൾ പാസഞ്ചേഴ്സുതന്നെയും ഇറങ്ങിവന്നു് ഈ ജോലി ചെയ്തു് ബസ്സുകാരെ സഹായിക്കാറുണ്ടു്.

മിസ്സിസ് കെ. എം. ആർ. മേനോൻ: ആ വഴിയിൽകൂടി നടന്നുപോകുന്ന ആളുകളുടെ കാലിൽ ചിലപ്പോൾ അതു ചവിട്ടിയതുകൊണ്ടു് ബുദ്ധിമുട്ടുണ്ടാകാറുണ്ടു്. മാത്രമല്ല യാത്രികളും മറ്റും പോകുന്ന ചെറിയ കുട്ടികളുടെ കാലുകൾ പൊള്ളിപ്പോകാറുമുണ്ടു്. തീയെങ്കിലും കെടുത്തികളയുവാൻ വേണ്ടതു ചെയ്യാമോ?

റാവുബഹദൂർ ടി. കെ. നായർ: അതിനു ശ്രദ്ധവെക്കാം.

മിസ്റ്റർ എം. കെ. രാജാ: കരികൊണ്ടു് ബസ്സു് ഓടിക്കുന്ന ബസ്സുടമസ്ഥന്മാർ പെട്രോളിനു് അപേക്ഷിച്ചിട്ടു് അവർക്കു പെട്രോൾ അനുവദിച്ചുകൊടുത്തിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: അങ്ങിനെ കൊടുത്തിട്ടുണ്ടെങ്കിൽ അതു വകതിരിവു കേടുതന്നെയാണു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഗവർമ്മെണ്ടു വക ലോറികളിൽനിന്നു പെട്രോൾ കരിഞ്ചന്തയിൽ വിൽപന നടത്തുന്നുണ്ടെന്നറിയാമോ?

റാവുബഹദൂർ ടി. കെ. നായർ: അറിവില്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: അതിനെപ്പറ്റി അന്വേഷിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

റാവുബഹദൂർ ടി. കെ. നായർ: അനേഷിച്ചു നടക്കാനൊന്നും നിവൃത്തിയില്ല. ഏതെങ്കിലും സ്കൂൾ ബസ്സുകളിൽ അങ്ങിനെ കരിഞ്ചന്ത നടത്തുന്നുണ്ടെന്നു കാണിച്ചുതരികയാണെങ്കിൽ അതിനെപ്പറ്റി അനേഷിക്കാം. അല്ലാതെ വെറുതെ ഒരനേഷണം നടത്തുന്നതുകൊണ്ടു കണ്ടുപിടിക്കാൻ വിഷമമാണു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഈ നിയമസഭയിലെ ഒരു മെമ്പറുടെ അലിഗേഷൻ വന്നിട്ടുള്ളതിനെപ്പറ്റി അനേഷിക്കാമോ എന്നാണു് ചോദിക്കുന്നതു്.

റാവുബഹദൂർ ടി. കെ. നായർ: ഇതു് ഒരു എൻക്വയറി നടത്തത്തക്ക അലിഗേഷനാണെന്നു് ഈ നിയമസഭയും ആ മെമ്പറും ധരിച്ചിട്ടുണ്ടാകുമെന്നു തോന്നുന്നില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഇതു് ഒരു ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച ഒരു ചോദ്യമായതുകൊണ്ടു് ഇതിന്റെ അനേഷണത്തിനു കാര്യമായി സഹായിക്കുകയില്ലെ?

മിസ്റ്റർ പി. നാരായണമേനോൻ: കരികൊണ്ടു് ഓടിക്കുന്ന ബസ്സുകൾക്കു് കരിച്ചന്ത ആവശ്യമില്ലെ?

റാവുബഹദൂർ ടി. കെ. നായർ: അതിന്റെ ആവശ്യമില്ല.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഒരു ബസ്സുടമസ്ഥനു് അടുത്തടുത്തു് രണ്ടു് ബസ്സുകളുടെയും അനുവദിക്കുന്നതുകൊണ്ടു് ആദ്യത്തെ ബസ്സിൽ ആളുകൾ തികയാതെവന്നാൽ അതു മുടക്കി രണ്ടാമത്തെ ബസ്സിൽ നിറയെ ആളുകളെ കയറ്റിക്കൊണ്ടുപോകാറുണ്ടെന്നു് ഗവണ്മെണ്ടിനറിയാമോ?

റാവുബഹദൂർ ടി. കെ. നായർ: അങ്ങിനെയുണ്ടാകുവാൻ ഇടയുണ്ടു്. എനിക്കതിൽ പരിചയമുള്ളതുകൊണ്ടാണു് പറയുന്നതു്. അതിനെപ്പറ്റി പ്രോക്സിക്കലായിട്ടു് യാതൊരു കംപ്ലെയിന്റും കിട്ടീട്ടില്ല. കംപ്ലെയിന്റു കിട്ടിയാൽ അനേഷിക്കാം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: തൃശ്ശിവപേരൂർ ബസ്സ് സ്റ്റാൻറിൽ ടിക്കറ്റു വാങ്ങിക്കുന്നതിനു വളരെ ബുദ്ധിമുട്ടേണ്ടിവരുന്നുണ്ടെന്നുള്ള സംഗതി ഗവണ്മെണ്ടിന്നറിയാമോ?

റാവുബഹദൂർ ടി. കെ. നായർ: അവിടെ സ്ഥലസൌകര്യം വളരെ കുറവാണു്. സ്ഥലസൌകര്യമുണ്ടാക്കേണ്ട കാര്യത്തെപ്പറ്റി മുനിസിപ്പാലിറ്റിയുമായിട്ടു് എഴുത്തുകുത്തു നടത്തുന്നുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അടുത്തടുത്ത രണ്ടു ബസ്സ് ഒരുടമസ്ഥന്റേതായതുകൊണ്ടു ഒരു ബസ്സ് വിടാതെ മുടക്കുന്നുണ്ടെന്നു പറഞ്ഞുവല്ലൊ. അങ്ങിനെയുള്ള ചില ബസ്സു യാത്രക്കാർ അധികമുണ്ടെങ്കിൽ സ്പെഷൽ പിടിച്ചുപോയിട്ടുള്ളതായി ഗവണ്മെണ്ടിനറിയാമൊ?

റാവുബഹദൂർ ടി. കെ. നായർ: ഉണ്ടാകാം.

മിസ്സിസ് കെ. എം. ജോർ. മേനോൻ: ബസ്സുകളിൽ പ്രൂഫികാക്കു സെക്കൻറു സീറ്റു കൊടുക്കണമെന്നു് ഗവണ്മെണ്ടിന്നു ഒരു ഓർഡർ പാസ്സാക്കാമൊ?

റാവുബഹദൂർ ടി. കെ. നായർ: ഉദ്യോഗനിലയിൽ ചെയ്യുവാൻ സാധ്യമല്ല. അനുദ്യോഗസ്ഥ നിലയിൽ ഞാൻ ബസ്സുകാരെക്കൊണ്ടു സൌകര്യം ചെയ്യിക്കുവാൻ ശ്രമിക്കാം.

മിസ്സിസ് കെ. എം. ജോർ. മേനോൻ: കുറച്ചധികം സൌകര്യമുള്ള സ്ഥലത്തു സ്ത്രീകളെ ഇരുത്തണമെന്നു ഓർഡർ കൊടുക്കുവാൻ എന്താണു് വിരോധം?

റാവുബഹദൂർ ടി. കെ. നായർ: ഓർഡർ കൊടുക്കുവാൻ സാധ്യമല്ല.

REMOVAL OF ENCROACHMENT—KUNNAMKULAM VILLAGE

423. Mr. Paramel Ipe Ipe *(Kunnamkulam)*: Will Government be pleased to state.—

(*a*) when did the Government receive a petition from വലിയവീട്ടിൽ വറീതു കുഞ്ഞൻ മാണി for removal of encroachment into a poramboke lane of Survey No. 1085/1 of Kunnamkulam Village;

(*b*) since what date has he been putting petitions to the various departments for the removal of the above encroachment;

(*c*) how many petitions have been put in by him for this purpose;

(*d*) when did the Revenue Department get that petition forwarded to from the Government;

(*e*) how many reminders were sent by the Government and on what dates;

(*f*) did the Government get any reply for those reminders and if so, on what dates;

(*g*) what actions were taken by the Revenue Department on the above petition and on what dates?

LIBRARY ARCHIVES Kerala Legislative Assembly